# ബാലിയിലെ മന്ത്രിതല ചർച്ച- യഥാർത്ഥത്തിൽ ഇന്ത്യ നേടിയോ?

**അരുൺ ജെയ്റ്റ്ലി**
**(രാജ്യസഭാ പ്രതിപക്ഷ നേതാവ്)**

ബാലിയിലെ മന്ത്രിതല സമ്മേളനത്തിൽ ഇന്ത്യയിലെ കോടിക്കണക്കിന് വരുന്ന ജനതയുടെ ഭക്ഷ്യസുരക്ഷ സബന്ധിച്ച വിഷയത്തിൽ ഇടക്കാല പദ്ധതിക്കു ധാരണയായി. സ്ഥിരമായ ഒരു തീരുമാനം ഇക്കാര്യത്തിൽ ഉണ്ടാകുംവരെ നാലുവർഷത്തേക്കാണ് താൽകാലിക ധാരണ. വികസിത രാജ്യങ്ങളുടെ താൽപര്യ പ്രകാരമുള്ള ഈ താൽകാലിക ധാരണക്ക് ഇന്ത്യയും സമ്മതം അറിയിച്ചിരിക്കുകയാണ്.
ചർച്ചകൾക്കായി ഇന്ത്യൻ സംഘം ബാലിയിലേക്കു പോകുന്നതിനു മുമ്പുതന്നെ സർക്കാർ പറഞ്ഞിരുന്നു, നമ്മുടെ ഭക്ഷ്യ സുരക്ഷാ പ്രശ്നം ചർച്ചചെയ്യാൻ പോലും കഴിയുന്ന വിഷയമേ അല്ലെന്ന്. പക്ഷേ യോഗം കഴിഞ്ഞപ്പോൾ ഇന്ത്യയുടെ നിലപാടു മാറിമറിഞ്ഞു. ഈ കരാർ നിലവിൽ വന്നതോടെ നമ്മുടെ ഭക്ഷ്യ സുരക്ഷാ പദ്ധതി കൂടുതൽ അവതാളത്തിലായി. ഡബ്ല്യുടിഒയുടെ കർക്കശമായ വ്യവസ്ഥകൾ പ്രകാരം കൂടുതൽ നിയന്ത്രണങ്ങൾ ഇനിയും വരാനിരിക്കുന്നതേ ഉള്ളു. ഇന്ത്യയുടെ ഭക്ഷ്യ ധാന്യകരുതലിന്മേൽ കൂടുതൽ സമ്മർദ്ദം ഉണ്ടാകാൻ പോകുകയാണ്.
ആന്റി സർക്കംവൻഷൻ/സേഫ്ഗാഡ് എന്ന പേരിലുള്ള നാലാം വ്യവസ്ഥ ഇങ്ങനെ പറയുന്നു,"രണ്ടാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പരിപാടി പ്രകാരം ഏതെങ്കിലും വികസ്വരരാജ്യം പ്രവർത്തിക്കാനാഗ്രഹിക്കുന്നെങ്കിൽ അവർ മറ്റ് അംഗരാജങ്ങളുടെ ഭക്ഷ്യ സുരക്ഷാ കാര്യത്തിൽ ശല്യപ്പെടുത്തലുണ്ടാക്കരുത്." ഈ വ്യവസ്ഥ ഒറ്റനോട്ടത്തിൽതന്നെ ദുരൂഹതമാണ്, ഇന്ത്യക്കെതിരേയുള്ളതാണ്. ഇത് ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് വെല്ലുവിളി ഉയർത്താൻ പോന്നതാണ്. ഇവിടത്തെ ദരിദ്ര വിഭാഗങ്ങൾക്ക് സബ്സിഡി ആനുകൂല്യങ്ങൾ നിഷേധിക്കാൻ പോന്നതാണ്. ഭക്ഷ്യ സുരക്ഷാ സംവിധാനത്തിലെ ഈ വിഷയങ്ങൾ ഇന്ത്യൻ പാർലമെന്റിൽ ചർച്ചചെയ്തു സമവായമുണ്ടാക്കിയവയാണ്. എന്നാൽ ആ തീരുമാനങ്ങളെ അട്ടിമറിക്കാൻ അന്താരഷ്ട്ര സമൂഹത്തിന് അനുമതികൊടുക്കുകയായിരുന്നു ബാലി കരാർ വഴി.
ആറാം വ്യവസ്ഥ അംഗീകരിക്കുകവഴി നമ്മുടെ പദ്ധതികൾ സൂക്ഷ്മപരിശോധന ചെയ്യാൻ അന്താരാഷ്ട്ര സമൂഹത്തിന് അധികാരം നൽകുകുകയാണ് ഇന്ത്യ ചെയ്തത്. നമ്മുടെ ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന് മേൽ ഒരു നിയന്ത്രണവും അനുവദിക്കില്ലെന്നു പറഞ്ഞതിനു നേരേ വിരുദ്ധമാണ് ഈ പ്രവൃത്തി. നമ്മുടെ കർഷകർക്ക് ഗുണകരമായത് ഏത് ദോഷമേത് എന്നു നിശ്ചയിക്കാൻ നമ്മുടെ പാർലമെന്റിന് കഴിയാത്ത സ്ഥിതിയാണിപ്പോൾ. ലോകരാജ്യങ്ങൾ നിശ്ചയിക്കും നമ്മുടെ ശരിയേതെന്ന്.
അതത് സമയത്തെ വിലയടിസ്ഥാനത്തിൽ സബ്സിഡി നിശ്ചയിക്കാൻ അനുവദിക്കണമെന്ന ഇന്ത്യൻ അപേക്ഷ സ്വീകരിക്കപ്പെട്ടില്ല. അതിനാൽ 1986-88 കാലത്തെ വിലയടിസ്ഥാനത്തിലായിരിക്കും സബ്സിഡി നിശ്ചയിക്കുക. ഇതു നമ്മുടെ സബ്സിഡി തോത് വളരെ കുറച്ചുകളയും.
ജനങ്ങളുടെ ഭക്ഷ്യ സുരക്ഷക്കാര്യത്തിൽ വിട്ടുവീഴ്ച ചെയ്തിട്ട് ഇന്ത്യക്കെന്തുകിട്ടി? വികസിത രാജ്യങ്ങളുടെ ആവശ്യമായിരുന്നു വ്യാപാര സൗകര്യങ്ങളിലെ വർദ്ധന. രാജ്യാതിർത്തികൾ വഴിയുള്ള ചരക്കു നീക്കത്തിനു മികച്ച സൗകര്യങ്ങളാണവർക്കു വേണ്ടിയിരുന്നത്. അന്താരാഷ്ട്ര വ്യാപാര രംഗത്ത് ഇന്ത്യയുടെ വിഹിതം 1.6 ശതമാനം മാത്രമാണ്. ഇതു മാന്യമായ തലത്തിൽ എത്തിക്കാൻ ഇന്ത്യക്കും അടിസ്ഥാന സൗകര്യ വികസനവും മറ്റും ആവശ്യമാണ്. പക്ഷേ ഈ രംഗത്ത് 80 ശതമാനം നിയന്ത്രിക്കുന്ന വികസിത രാജ്യങ്ങൾ ഈ സൗകര്യങ്ങൾ അനുകൂലമാക്കും. പുണ്ണിൽ കൊള്ളിവെക്കും പോലെയെന്നു പറയാം, ഈ വികസന പ്രവർത്തനങ്ങൾക്കു സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ വാങ്ങേണ്ടതും വികസിത രാജ്യങ്ങളിൽനിന്നാണ്.
ഡബ്ല്യുടിഒ ദോഹയിലെ ചർച്ചകളിൽ നിശ്ചയിച്ചതും സബ്സിഡി കുറയ്ക്കാനും വ്യാപാര സൗകര്യങ്ങൾ കൂട്ടാനുമായിരുന്നു. എന്നാൽ വികസ്വര രാജ്യങ്ങൾ അമാന്തം കാണിച്ചതിനെ തുടർന്ന് സബ്സിഡി കാര്യത്തിൽ തീരുമാനം എടുക്കുന്നതു വൈകിപ്പിക്കാനായി. ഇപ്പോൾ പക്ഷേ ഈ കരാർ വഴി ഏറെക്കാലമായി പാശ്ചാത്യ രാജ്യങ്ങൾ പലരും കാത്തിരുന്ന സബ്സിഡി ഇല്ലാതാക്കൽ എന്ന ലക്ഷ്യം നടപ്പിലാവുകയായിരുന്നു. അതുകൊണ്ട് അവരുടെ വസ്തുക്കളും സേവനവും വികസ്വര രാജ്യങ്ങളുടെ തീരത്തെത്തിക്കുന്ന സംവിധാനത്തിനു വേണ്ടി അവർ സമ്മർദ്ദം ചെലുത്തി. അബ്സിഡി പദ്ധതികളിൽ വിട്ടുവീഴ്ച ചെയ്യാതെ അവരുടെ വ്യാപാര പദ്ധതി നടപ്പാക്കാൻ അവർക്കു കഴിഞ്ഞു. ഭക്ഷ്യ സുരക്ഷയെ വെല്ലുവിളിക്കുന്ന ഒരു കരാറും ഇന്ത്യ സ്വീകരിക്കാൻ പാടില്ലായിരുന്നു. എന്നാൽ താൽകാലിക കരാറിൽ ഒപ്പുവെക്കുകവഴി ഇന്ത്യ ഇത്തരത്തിലുള്ള ഒരു വിലപേശലിനുള്ള അവസരം എന്നെന്നേക്കുമായി ഇല്ലാതാക്കുകയായിരുന്നു. സെന്റ് ഗല്ലാൻ സ്വിസ് യൂണിവേഴ്സിറ്റിയിലെ ഇന്റർനാഷണൽ ട്രേഡ് വിഭാഗം പ്രൊഫസർ സീമോൺ ഇവനറ്റ് കൃത്യമായലി നിരീക്ഷിച്ചിട്ടുള്ളതു ശരിയാണ്, "ഭക്ഷ്യ സുരക്ഷ 1984-ലിലേതായി നിശ്ചയിച്ചു. ജോർജ്‌വെല്ലിന് അഭിമാനക്കാം." തീർച്ചയായും ഈ കരാർ തെളിയിക്കുന്നത് അതാണ്, ചിലർ മറ്റുള്ളവരേക്കാൾ കൂടുതൽ തുല്യന്മാരാണ്.
(2013 ഡിസംബർ 14-ന് പുറപ്പെടുവിച്ചത്)